# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2689 14.12.2015-ൽ മറുപടിക്ക്

**മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ : | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ. | കേരള വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് സബ് ഡിവിഷനുകളിലും പ്രധാന പ്ലാന്റുകളിലും മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക ഉണ്ടായിരുന്നാൽ പ്ലാന്റുകളുടേയും അതോറിറ്റി പമ്പ് ഹൗസുകളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുമെന്ന വസ്തുത പരിഗണിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കുമോ; | എ | നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |
| ബി. | കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർ, ക്ലാസ് -IV, ഓവർസീയർ/ഡ്രാഫ്റ്റ്മാൻ, പ്ലംബർ, ഫിറ്റർ, ഇലക്ട്രീഷ്യൻ, മീറ്റർ റീഡർ തുടങ്ങിയവയുടെ പ്രൊമോഷൻ തസ്തികകളുടെ എണ്ണം വർദ്ധിപ്പിച്ച് പ്രൊമോഷൻ സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന വ്യക്തമാക്കുമോ? | ബി. | പ്രൊമോഷൻ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കണമെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ